പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3282 19.06.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിൽ വരവു ചെലവ് അന്തരം പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ. എ.കെ. ശശീന്ദ്രൻ |
| " രാജു എബ്രഹാം | (ഗതാഗത വകുപ്പ് മന്ത്രി) |
| " കെ.ഡി. പ്രസേനൻ | |
| " ആന്റണി ജോൺ | |

| | | | |
|---|---|---|---|
| (എ) | വരവു ചെലവിലുള്ള ഭീമമായ അന്തരംകൊണ്ട് കടുത്ത പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി.യിൽ വരുമാന വർദ്ധനവിനും ചെലവു കുറയ്ക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഫലം അറിയിക്കാമോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യിലെ പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് പ്രകാരം കെ.എസ്.ആർ.ടി.സി. നിലവിൽ എടുത്തിട്ടുണ്ടായിരുന്ന കൂടിയ പലിശ നിരക്കിലും ദൈർഘ്യം കുറഞ്ഞ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പകളെ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും ദൈർഘ്യം കൂടിയ തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പകളാക്കി മാറ്റുവാൻ തീരുമാനിച്ചതിൻ പ്രകാരം 3100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും അതുകൊണ്ട് നിലവിലുണ്ടായിരുന്ന കടങ്ങൾ തീർക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവ് ഇനത്തിൽ 2 കോടിയോളം രൂപ പ്രതിദിനം കുറവ് വന്നിട്ടുണ്ട്. ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചു വരുന്നു. സഹകരണ മേഖലയുമായി സഹകരിച്ച് പെൻഷൻ വിതരണത്തിന് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള |
| (ബി) | വാഹനവിനിയോഗവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സാധ്യമായിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതികൾക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി ഉന്നയിക്കുന്ന പരാതികൾ പരിശോധിക്കുന്നതിന് മോട്ടോർ വാഹന വകുപ്പും പോലീസും ചേർന്ന് സംയുക്ത സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്ക് പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് |

| | | | |
|---|---|---|---|
| | | | ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈകൊണ്ടിട്ടുണ്ട്.<br>മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസുകൾ സർവീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുന:ക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാന ഭാരം കുറച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യ പ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കി വരികയുമാണ്. ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br>കൂടാതെ ഇന്ധന ചെലവ് കുറയ്ക്കുന്നതിനായി ഫ്യൂവൽ സെല്ലുകൾ രൂപീകരിക്കുകയും ഒരു അസിസ്റ്റന്റ് വർക്സ് മാനേജരെ ഇതിനു മാത്രമായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇന്ധന ക്ഷമതയ്ക്കായി ക്ലാസുകൾ, വാഹന നിർമ്മാതാക്കൾ മുഖാന്തരമുള്ള പരിശീലനങ്ങൾ എന്നിവ നടത്തി വരികയാണ്. ഇപ്രകാരം ജൂൺ മാസത്തിൽ Off-Road നിരക്ക് 12.06 ശതമാനം ആയിരുന്നത് ക്രമാനുഗതമായി 2017 ജൂണിൽ 9.94 |

| | | | |
|---|---|---|---|
| | | | ശതമാനവും 2018 ജൂണിൽ 9.5 ശതമാനവും ആയി കുറഞ്ഞിട്ടുണ്ട്. KMPL 4.17-ൽ നിന്നും 2018 ഏപ്രിൽ മാസം 4.28 ആയി ഉയർന്നിട്ടുണ്ട്. |
| (സി) | കെ.യു.ആർ.ടി.സി. വാഹനങ്ങളിൽ ഉദ്ദേശം മൂന്നിലൊന്നോളം ബസ്സുകൾ സ്പെയർ പാർട്സില്ലാത്തത് കൊണ്ടും അറ്റകുറ്റപ്പണി നടത്താത്തത് കൊണ്ടും സർവ്വീസ് മുടങ്ങിയിരിക്കുന്നത് പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**